തമിഴ്നാട് ബസ്സുകൾ കരാർ ലംഘിക്കുന്നത് തടയുന്നതിന് നടപടി

90(1914) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തമിഴ്നാട് സർക്കാരുകൾ തമ്മിൽ അന്തർ സംസ്ഥാന ബസ്സ് സർവ്വീസ് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കരാർ ലംഘിച്ച് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അനധികൃത സർവ്വീസുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം കെ.എസ്.ആർ.ടി.സി.ക്കു ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) കൊല്ലം-തിരുവനന്തപുരം വഴി തൂത്തുക്കുടിയിലേക്ക് തമിഴ്നാട് ട്രാൻസ്പോർട്ടിന് എത്ര എക്സ്പ്രസ്സ് ബസ്സുകൾ ഓടിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇപ്പോൾ എത്ര എക്സ്പ്രസ്സ് സർവ്വീസുകളാണ് നടത്തുന്നത് എന്ന് അറിയിക്കുമോ;

(ഡി) തമിഴ്നാട് ബസ്സ് കേരളത്തിൽ സർവ്വീസ് നടത്തുമ്പോൾ കടന്നുപോകുന്ന പ്രധാന സ്റ്റോപ്പുകളിൽ 'ബസ്സിന്റെ നമ്പർ'' കണ്ടക്ടറുടേയും ഡ്രൈവറുടേയും ലൈസൻസ് എന്നിവ പരിശോധിച്ച് രേഖപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ;

(ഇ) ബസ്സ് സർവ്വീസുകളുടെ അന്തർ സംസ്ഥാന കരാർ പുനരവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമാക്കുന്നതിനും സമയപട്ടിക കൃത്യമായി പരിശോധിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുറപ്പെടുന്നതിനും തൊട്ടു മുൻപേ സർവ്വീസ് നടത്തുന്ന തമിഴ്നാട് ബസ്സുകളെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവേ ഇരു സംസ്ഥാനങ്ങളും സർവ്വീസ് നടത്തേണ്ട കിലോമീറ്ററിന്റെ അനുപാതത്തിലാണ് കരാറിന് രൂപം നൽകുന്നത്. ഇതിൻ പ്രകാരം 1997-ൽ ഇരു സർക്കാരുകളും തമ്മിൽ ഏർപ്പെട്ട കരാറനുസരിച്ച് കെ. എസ്.ആർ.ടി.സി.ക്ക് തമിഴ്നാട്ടിലേക്ക് 4467.4 കിലോമീറ്ററും തമിഴ്നാട് സർക്കാരിന് കേരളത്തിലേയ്ക്ക് 4462 കി.മീറ്ററും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ സർവ്വീസ് നടത്താൻ കഴിയുന്നതാണ്. പ്രസ്തുത കരാർ 1999-ൽ ഇരുസംസ്ഥാനങ്ങളും സ്ഥിരമായ കരാറായി പ്രഖ്യാപിക്കുകയുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സംഭവങ്ങൾക്കെതിരെ നടപടികളെടുത്തുവരുന്നു. ഇതുമൂലം കെ.എസ്.ആർ.ടി.സി.ക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) കൊല്ലം-തൂത്തുക്കുടി സർവ്വീസായി കരാറിൽ ഓടിക്കാൻ റൂട്ട് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അന്തർ സംസ്ഥാന കരാർ പ്രകാരം തമിഴ്നാട് സർക്കാർ വാഹനങ്ങൾക്കു കൊല്ലം-തിരുവനന്തപുരം-വേളാങ്കണ്ണി റൂട്ടിൽ 4 സർവ്വീസുകൾ നടത്താവുന്നതാണ്. കരാർ പ്രകാരം ഇരു സർക്കാരുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം സംസ്ഥാനത്തിനുള്ളിൽ ഓപ്പറേറ്റ് ചെയ്യുന്ന റൂട്ടുകളിൽ ഭേദഗതി ചെയ്യാൻ വ്യവസ്ഥയുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) അന്തർസംസ്ഥാന കരാർ പുനഃപരിശോധിക്കേണ്ടത് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് തൊട്ടു മുൻപെ തമിഴ്നാട് ബസ്സുകൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെടുമ്പോഴൊക്കെ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയം കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ ഭേദഗതി ചെയ്യാറുണ്ട്.

മണമ്പൂർ വഴി വർക്കലയിലേയ്ക്ക് ബസ്സ് സർവ്വീസ്

91(1915) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽനിന്നും മണമ്പൂർ-തോപ്പുവിള തമ്പുരാൻനട, ചേന്ദൻകോട് വഴി വർക്കലയിലേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരും പഞ്ചായത്തും എം.എൽ.എ.യും ചേർന്ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റൂട്ട് ഇൻസ്പെക്ഷൻ നടത്തുകയും ഉടൻ ഈ സർവ്വീസ് ആരംഭിക്കുകയും ചെയ്യാമെന്ന് കെ.എസ്.ആർ.ടി.സി. അധികൃതർ ഉറപ്പു നൽകിയിരുന്നുവോ; ഈ റൂട്ടിൽ കൂടി ഒരു സർവ്വീസും നിലവിൽ ഇല്ലാത്തതുകൊണ്ട് സർവ്വീസ് ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഒരു എം.എൽ.എ.യ്ക്ക് ഒരു ബസ്സ് സർവ്വീസ് ആരംഭിക്കാൻ അനുവാദം നൽകാമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇനിയെങ്കിലും ഈ സർവ്വീസ് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റൂട്ടിലെ റോഡ് സർവ്വീസ് ഓപ്പറേഷനു അനുയോജ്യമല്ലെന്നു കണ്ടതിനാൽ സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) എം.എൽ.എ. യുടെ ആവശ്യപ്രകാരം ആറ്റിങ്ങൽ, ആലംകോട്, തൊടിക്കല്ല്, നെല്ലിക്കോട്, ചേന്ദൻകോട് വഴി വർക്കലയിലേയ്ക്ക് സർവ്വീസ് ആരംഭിച്ചു. പ്രസ്തുത റൂട്ടിൽ പൈപ്പ്ലൈൻ പണി നടക്കുന്നതിനാൽ റൂട്ട് മാറ്റിയാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.യിൽ പുതിയ ബസ്സുകൾ വാങ്ങുവാൻ നടപടി

92(1916)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാനും ആദായകരമാക്കാനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly